**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **12-07-2022 - ൽ മറുപടിയ്ക്ക്**

**പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. "റൂം ഫോർ റിവർ" പദ്ധതി പ്രകാരം തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ PL 1(B) Mon/ 23349/2021, തീയതി 18-08-2021, മലപ്പുറം ജില്ലാ കളക്ടർ & ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർ പേഴ്സണിന്റെ DCMPM/3115/2022-DM 4, തീയതി 18-03-2022 എന്നീ നടപടിക്രമങ്ങൾ പ്രകാരം കടലുണ്ടി പുഴയിലെയും കൈവഴികളിലെയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാൻ മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ ചെറുപുഴയിൽ തോട്ടതൊടി ചെക്ക് ഡാമിന്റെ മുകൾഭാഗത്ത് അടിഞ്ഞു കൂടിയ മണ്ണും സിൽറ്റും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടാതെ കടലുണ്ടി പുഴയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ കവളപ്പാറ, പനമ്പറ്റകടവ് എന്നിവിടങ്ങളിൽ പ്രവൃത്തി ഉദ്ദേശിച്ചിരുന്നുവെങ്കിലും വാഹനങ്ങളും മെഷിനറികളും എത്താത്ത സ്ഥലം ആയതിനാൽ ആയത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പുഴകളിൽ നിന്നും മണ്ണും മണലും നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ചത് എത്രയാണെന്നും അറിയിക്കാമോ? | (ബി) | കടലുണ്ടി പുഴയിൽ നിന്നും എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് ആകെ 63 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മങ്കട മണ്ഡലത്തിൽ കടലുണ്ടി പുഴ, ചെറുപുഴ എന്നീ പുഴകളിൽ നിന്നാണ് ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നത്. പ്രസ്തുത പ്രവൃത്തിക്കായി 1.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ